**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **13-02-2024 - ൽ മറുപടിയ്ക്ക്**

**നികുതി ചോർച്ച തടയുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിഭവ സമാഹരണത്തിന്റെ ഭാഗമായി നികുതി ചോർച്ച തടയുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുന:സംഘടനയിലൂടെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, ഓഡിറ്റ് എന്നീ വിഭാഗങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി, നികുതി ചോർച്ച കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു. കൂടാതെ, നികുതി വെട്ടിപ്പ് കൂടുതലായി നടക്കുന്ന മേഖലകളെ കേന്ദ്രീകരിച്ച് നടപടികൾ സ്വീകരിക്കുന്ന ഇന്റലിജൻസ് സംവിധാനവും കേരളത്തിലുടനീളം പ്രവർത്തിക്കുന്നു. |
| (ബി) | മാഹിയിൽ നിന്ന് റോഡ് മാർഗ്ഗവും കർണാടക റിഫൈനറിയിൽ നിന്നും കടൽമാർഗ്ഗവും പെട്രോളും, ഡീസലും കടത്തുന്നതിലൂടെ നഷ്ടപ്പെടുന്ന നികുതി തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (ബി) | കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കോഴിക്കോട് മേഖല എൻഫോഴ്സ്മെന്റ് നിരന്തരമായ വാഹന പരിശോധനകളിൽ മാഹിയിൽ നിന്നും റോഡ് മാർഗ്ഗം ഡീസലും പെട്രോളും കടത്തുന്ന തരത്തിലുള്ള നികുതി തട്ടിപ്പ് കേസുകൾ കണ്ടെത്തുകയും കേരള പൊതുവില്പന നികുതി നിയമപ്രകാരം നികുതി, പിഴ, പലിശ എന്നിവ ഈടാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കർണാടക റിഫൈനറിയിൽ നിന്നും കടൽമാർഗ്ഗം പെട്രോളും ഡീസലും കടത്തുന്ന തരത്തിലുള്ള നികുതി വെട്ടിപ്പ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ